കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കടവല്ലൂർ ഗ്രാമപഞ്ചായത്ത് - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് നടപ്പാക്കാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.319 /2018/തസ്വഭവ — തിരുവനന്തപുരം, തീയതി, 02.02.2018

വായന :-
1. പഞ്ചായത്ത് ഡയറക്ടറുടെ 11.12.2017-ലെ 1-38685/17-ാം നമ്പർ കത്തും കടവല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2017-ലെ B2-313/17-ാം നമ്പർ കത്തും
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018-ലെ തീരുമാനം നം 4.70

## ഉത്തരവ്

കടവല്ലൂർ ഗ്രാമപഞ്ചായത്ത് 2015-16-ൽ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് പ്രോജക്ട് നടപ്പാക്കുകയും 49 വിദ്യാർത്ഥികൾക്കായി 3.00 ലക്ഷം രൂപ സ്കോളർഷിപ്പ് നൽകുകയും ചെയ്യുന്നും എന്നാൽ 2015-16-ലെ മാർഗ്ഗരേഖപ്രകാരമുള്ള നിരക്കിലാണെങ്കിൽ ഇനിയും 4,09,700/- രൂപ കൂടി നൽകണമെന്നും ടി തുക കൂടി നൽകണമെന്ന് ചാവക്കാട് ലീഗൽ സർവീസ് അതോറിട്ടി നിർദ്ദേശിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക നൽകാനുള്ള പ്രോജക്റ്റിന് ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ പ്രസ്തുത പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 17.01.2018-ലെ യോഗം ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി യോഗത്തിന്റെ 4.70 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് നടപ്പാക്കാൻ കടവല്ലൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ. വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രസിഡണ്ട്, കടവല്ലൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ)യുടെ പി.എയ്ക്ക്

അംഗീകാരത്തോടെ
സെക്ഷൻ ഓഫീസർ